(ബി) പ്രസ്തുത പദ്ധതിക്ക് 28 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്.

(സി) പ്രസ്തുത പ്രവൃത്തി ഫണ്ടിന്റെ അപര്യാപ്തതമൂലം 2013-14 സാമ്പത്തിക വർഷത്തിൽ നടപ്പിലാക്കാൻ സാധിച്ചിട്ടില്ല. ഫണ്ട് ലഭിക്കുന്ന മുറയ്ക്ക് പ്രവൃത്തി ഏറ്റെടുക്കുന്നതാണ്.

പത്തിയൂർ ഗ്രാമപഞ്ചായത്തിൽ പി.ഐ.പി.കെ സമ്പ്രദായം കയ്യേറിയിട്ടുള്ളത് ഒഴിപ്പിക്കുന്നതിന് നടപടി

161 (6866) ശ്രീ. സി. കെ. സദാശിവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കായംകുളം അസംബ്ലി മണ്ഡലത്തിൽ പത്തിയൂർ ഗ്രാമപഞ്ചായത്തിൽ പി.ഐ.പി.വക സമ്പ്രദായം കയ്യേറിയതുമായി ബന്ധപ്പെട്ട പരാതി പി.ഐ.പി. അധികൃതർക്ക് നൽകിയതിന്റെ അടിസ്ഥാനത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) പി.ഐ.പി.വക പുറമ്പോക്ക് സമ്പ്രദായം പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ കയ്യേറിയിട്ടുള്ളത് ഒഴിപ്പിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) 10-12-2013-ൽ സമ്പ്രദായ പരിശോധന നടത്തിയതിൽ അതിരുകല്ല് ഇല്ലാത്തതിനാൽ അതിര് പുനർനിർണ്ണയിക്കാൻ വേണ്ടി 13-12-2013-ൽ കാർത്തികപ്പള്ളി തഹസിൽദാർക്ക് അസിസ്റ്റന്റ് എഞ്ചിനീയർ, പി.ഐ.പി. സെക്ഷൻ മാവേലിക്കര കത്ത് നൽകി. ഇതുവരെ അതിര് നിർണ്ണയിച്ച് കിട്ടിയിട്ടില്ല. റിപ്പോർട്ട് ലഭിച്ചതിനുശേഷം തുടർനടപടികൾ കൈക്കൊള്ളുന്നതാണ്.

(ബി) അതിരു നിർണ്ണയിച്ച് കിട്ടിയാൽ മാത്രമേ സമ്പ്രദായം കയ്യേറിയിട്ടുണ്ടോ എന്ന് മനസ്സിലാക്കാൻ സാധിക്കുകയുള്ളൂ. കയ്യേറ്റം നടന്നിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടാൽ ഒഴിപ്പിക്കുന്നതിനുവേണ്ടിയുള്ള അടിയന്തര നടപടികൾ സ്വീകരിക്കാവുന്നതാണ്.

പൈപ്പ്ലൈനുകളിൽ നിന്നുള്ള ജലമോഷണം

162 (6867) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജല അതോറിറ്റിയുടെ പൈപ്പ്ലൈനുകളിൽനിന്ന് ജലമോഷണം നടക്കുന്നതായുള്ള എത്ര പരാതികളാണ് 2013, 2014 വർഷങ്ങളിൽ ലഭിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ ;

(ബി) ജലമോഷണം തടയുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ് ;

(സി) ജലമോഷണം നടത്തിയതിന് എത്ര കേസുകളാണ് രജിസ്റ്റർ ചെയ്തിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ജല അതോറിറ്റിയുടെ പൈപ്പ് ലൈനുകളിൽനിന്ന് ജലമോഷണം നടക്കുന്നതായി 965 പരാതികളാണ് 2013, 2014 വർഷങ്ങളിൽ ലഭിച്ചിട്ടുള്ളത്.

(ബി) ജലമോഷണം തടയുന്നതിന് ആന്റി തെഫ്റ്റ് സ്ക്വാഡും നൈറ്റ് സ്ക്വാഡും നിലവിലുണ്ട്. ജലമോഷണം നടത്തുന്നത് ശിക്ഷാർഹമാണ് എന്ന് മാധ്യമങ്ങളിലൂടെ ജനങ്ങൾക്ക് ബോധവൽക്കരണം നൽകിവരുന്നു. ജലമോഷണം കണ്ടുപിടിച്ചാൽ നിയമപ്രകാരം പിഴ ഈടാക്കുന്നു. പൊതുടാപ്പ് ദുരുപയോഗം ശ്രദ്ധയിൽപ്പെട്ടാൽ ബന്ധപ്പെട്ട കൗൺസിലറുടെ ശ്രദ്ധയിൽ കൊണ്ടുവരുകയും ടാപ്പ് കട്ട് ചെയ്യാനുള്ള നടപടികൾ സ്വീകരിക്കുകയും നോസുകൾ പിടിച്ചെടുക്കുകയും ചെയ്യാറുണ്ട്.

(സി) ജലമോഷണം നടത്തിയതിന് 31 കേസുകളാണ് രജിസ്റ്റർ ചെയ്തിട്ടുള്ളത്.

നെയ്യാർ ഡാമിന്റെ ടൂറിസം വികസന പദ്ധതികൾ

163 (6868) ശ്രീ. എ. കെ. ശശീന്ദ്രൻ :
ശ്രീ. തോമസ് ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിന്റെ ടൂറിസം ഭൂപടത്തിൽ പ്രമുഖ സ്ഥാനം വഹിക്കേണ്ട നെയ്യാർ ഡാമിന്റെ ടൂറിസം വികസനപദ്ധതികൾ നടപ്പിലാക്കുന്നതിന്റെ പുരോഗതി യെക്കുറിച്ച് വിശദീകരിക്കാമോ ;

(ബി) "മിഷൻ 676" എന്ന പദ്ധതിയിൽ നെയ്യാർ ഡാമിന്റെ വികസന കാര്യങ്ങൾ പുനരുജ്ജീവിപ്പിക്കാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ ഇതിന്റെ കാരണം വ്യക്തമാക്കാമോ ;

(സി) കഴിഞ്ഞ സർക്കാരിന്റെകാലത്ത് തുടക്കം കുറിച്ച നെയ്യാർ ഡാം ടൂറിസം ഡെസ്റ്റിനേഷൻ പദ്ധതി (ടൂറിസം ഡെസ്റ്റിനേഷൻ പ്രോജക്ട്)-യുടെ ഇപ്പോഴത്തെ അവസ്ഥ എന്താണെന്നും പദ്ധതി നടപ്പിലാക്കുവാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്നും വ്യക്തമാക്കാമോ ?

ഉത്തരം

(എ) നെയ്യാർ ഡാം ടൂറിസം ഡെസ്റ്റിനേഷൻ പദ്ധതിക്കായി 21-11-2007-ലെ സർക്കാർ ഉത്തരവ് (സാധാ) നമ്പർ 11499/07/ടി.എസ്.എം. പ്രകാരം 302.53 ലക്ഷം രൂപയ്ക്കുള്ള എസ്റ്റിമേറ്റിന് ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത പദ്ധതിപ്രകാരം ജലസേചനവകുപ്പ് നടപ്പിലാക്കിയ പദ്ധതികൾക്കുവേണ്ടി 2,39,66,402 രൂപ ചെലവഴിച്ചിട്ടുണ്ട്. കൂടാതെ നെയ്യാർ ഡാമിലെ പൂന്തോട്ടത്തിന്റെ പരിപാലനത്തിനും ശുചീകരണപ്രവർത്തനങ്ങൾക്കുമായി "2700-11-101-98-82 garden maintenance" എന്ന ശീർഷകത്തിൽ അനുവദിക്കുന്ന ഫണ്ട് ഉപയോഗിച്ച് പൂന്തോട്ടത്തിന്റെ പരിപാലനവും ശുചീകരണപ്രവർത്തനങ്ങളും

LIBRARY ARCHIVES Kerala Legislative Assembly